പത്തനംതിട്ട ജില്ലയിൽ പോലീസ് വകുപ്പിൽ വനിതാ പോലീസ് കോൺസ്റ്റബിൾ (KAP III Bn) (NCA- Muslim) (Category No. 37/16) തസ്തികയുടെ 10.11.2016 തീയതിയിൽ പ്രാബല്യത്തിൽ വന്ന ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായുള്ള ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും 29.11.16 തീയതിയിൽ പത്തനംതിട്ട മുനിസിപ്പൽ സ്റ്റേഡിയത്തിൽ വച്ചും വനിതാ പോലീസ് കോൺസ്റ്റബിൾ (NCA -LC/AI, OX, Dheevara) (Category No.36/16, 40/16, 41/16) തസ്തികളുടെ 10.11.2016 തീയതിയിൽ പ്രാബല്യത്തിൽ വന്ന ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായുള്ള ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും 30.11.16 തീയതിയിൽ KAP III Bn പരേഡ് ഗ്രൗണ്ട്, വടക്കടത്തുകാവ് അടൂർ - വച്ചും രാവിലെ 6.00 മണി മുതൽ നടത്തുന്നതാണ്. ഇത് സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് SMS, Profile message എന്നിവ മുഖേന അറിയിപ്പ് നൽകിയിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽനിന്നും download ചെയ്ത അഡ്മിഷൻ ടിക്കറ്റ്, ബഹു.കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്ന തിരിച്ചറിയൽ രേഖയുടെ അസ്സൽ എന്നിവയുമായി അഡ്മിഷൻ ടിക്കറ്റിൽ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്തും തീയതിയിലും സമയത്തും ഹാജരാകേണ്ടതാണ്. SMS ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ പത്തനംതിട്ട ജില്ലാ പി.എസ്.സി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. കായികക്ഷമതാ പരീക്ഷയ്ക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ വസ്ത്രങ്ങളിൽ ഏതെങ്കിലും ക്ലബ്, പരിശീലന സ്ഥാപനങ്ങൾ എന്നിവയുടെ പേരോ ലോഗോയോ ഉപയോഗിക്കുവാൻ പാടില്ല. അപ്രകാരം വസ്ത്രം ധരിച്ച് എത്തുന്നവരെ സ്വീകാര്യമായ വസ്ത്രങ്ങൾ ഉപയോഗിച്ചാൽ മാത്രമേ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളു.